# ദേശീയതയും സംസ്കാരവും

കെ.ജി. പൗലോസ്

ദേശീയത (Nationalism) യെ സ്വതഃസിദ്ധമായ ശൈലിയിൽ ബർനാഡ്ഷാ നിർവ്വചിച്ചതിങ്ങനെയാണ് : 'താൻ ജനിക്കാനിടയായ നാടാണ് ഏറ്റവും ഉത്കൃഷ്ടം എന്ന ചിന്തയാണ് ദേശീയത'. കുപ്പിച്ചില്ലുപോലെ തുളച്ചുകയറുന്ന ഷായുടെ പരിഹാസം ഒഴിവാക്കിയാലും ഈ പ്രസ്താവം വെളിവാക്കുന്ന ഒരു വസ്തുതയുണ്ട്. അവനവൻ ജനിച്ചു വളരുന്നിടം കേമമെന്നെല്ലാവരും ധരിക്കുന്നു – 'ന്റുപ്പാപ്പക്കൊരാനേണ്ടാർന്നു!'. യുക്തിബോധത്തേക്കാൾ ഇക്കാര്യത്തിൽ ഒരുവനെ നയിക്കുന്നത് വികാരമാണ്. അതുകൊണ്ടാണ് 'ഇന്ത്യയെന്ന വികാരം' എന്ന് വിഷ്ണുനാരായണൻ നമ്പൂതിരി തന്റെ കവിതയ്ക്ക് പേരിട്ടത്.

ഭൂമിശാസ്ത്രപരമായ അതിരുകൾക്ക് ദേശീയതയെ നിർവ്വചിക്കുന്നതിൽ വലിയ പങ്കില്ല. അതെപ്പോഴും മാറിക്കൊണ്ടിരിക്കും. ബർമ്മയും പാക്കിസ്ഥാനും ബംഗ്ലാദേശുമൊക്കെ ഇന്ത്യയുടെ ഭാഗമായിരുന്നു. അന്നവിടങ്ങളിൽ ജനിച്ചവരിൽ ഇന്ത്യയെന്ന വികാരം ഉണ്ടായിരുന്നു; ഇന്ന് വ്യത്യസ്തമായ വികാരമായിരിക്കും ഉണ്ടാകുക. ഏകസ്വത്വമല്ല ഒരു വ്യക്തിക്കുണ്ടാവുക. ഒട്ടനവധി ദേശസ്വത്വങ്ങളെ കൂട്ടിപ്പിടിച്ചുകൊണ്ടാണ് കുഞ്ഞുണ്ണിമാസ്റ്റർ തന്റെ മേൽവിലാസം തേടുന്നത്. ബ്രഹ്മാണ്ഡത്തിൽ, ഭൂഗോളത്തിൽ, ഏഷ്യ മഹാവൻകരയിൽ, ഇന്ത്യയിൽ, കേരളത്തിൽ, തൃശ്ശൂരിൽ, വലപ്പാട് ആണ് സ്വദേശം എന്ന് നിർദ്ധരിക്കുമ്പോൾ ഏകദേശമല്ല, അനേകദേശങ്ങളാണ് തനിക്ക് കവി നൽകുന്നത്. ഓരോ ദേശീയതയിലും ഉപദേശീയതകൾ എന്ന് വിളിക്കാവുന്ന അനേകം അവാന്തരദേശീയതകൾ അടങ്ങിയിരിക്കുന്നു എന്നതാണ് അതിന്റെ പൊരുൾ.

## ഇന്ത്യൻ ദേശീയത

ഭാരതമെന്ന സങ്കല്പത്തിന് വളരെക്കാലത്തെ പഴക്കമുണ്ട്. ആര്യാവർത്തം അല്ലെങ്കിൽ ഭാരതവർഷമെന്ന് പ്രാചീനർ നിർവചിച്ചിരുന്നത് വിന്ധ്യയ്ക്കും ഹിമാലയത്തിനുമിടയിലുള്ള ഭൂവിഭാഗത്തെയാണ്. വിന്ധ്യനിപ്പുറമുള്ള ഭാഗം ദക്ഷിണാപഥമായിരുന്നു. രാമായണകാലത്തൊക്കെ രാക്ഷസന്മാരും വാനരന്മാരുമായിരുന്നു ഇവിടെ വസിച്ചിരുന്നത്. അല്ലെങ്കിൽ അന്നുവസിച്ചിരുന്നവരെ അങ്ങനെയാണ് പുറത്തുള്ളവർ വിളിച്ചത്. പിൽക്കാലത്തുപോലും വൈകാരികമായൊരു ഉദ്ഗ്രഥനം ഈ രണ്ടുഭൂവിഭാഗങ്ങൾക്കുമിടയിലുണ്ടായിരുന്നില്ല. തെക്കും വടക്കും ഉത്തരപൂർവ്വഭാഗങ്ങളിലുമൊക്കെ അനേകം ജനപ

ദങ്ങളും അവയ്ക്കൊക്കെ വെവ്വേറെ ഭരണസംവിധാനങ്ങളുമാണ് ഭാരതവർഷത്തിൽ ഉണ്ടായിരുന്നത്. പ്രാചീനകാലത്തെ മൗര്യസാമ്രാജ്യമോ ഗുപ്തസാമ്രാജ്യമോ മുഗൾഭരണം പോലുമോ ഡക്കാൻപീഠഭൂമികളിൽ അധീശതത്വം ഉറപ്പിച്ചിരുന്നില്ല. അറുന്നൂറിലധികം നാട്ടുരാജ്യങ്ങളും അവയ്ക്കോരോന്നിനും വെവ്വേറെ അധികാരകേന്ദ്രങ്ങളും ആരാധനാരൂപങ്ങളുമായിരുന്നു ഇന്ത്യയിലുണ്ടായിരുന്നത്. വ്യത്യസ്തങ്ങളായ ഈ ജനപദങ്ങളും നാടുവാഴികളുമെല്ലാം പരസ്പരം വെട്ടിപ്പിടിച്ചും കെട്ടിപ്പിടിച്ചും സ്വന്തം സ്വത്വങ്ങളെ നിലനിർത്തിപ്പോന്നു. ആസേതുഹിമാചലമെന്ന അതിർത്തിനിർണ്ണയം കേവലമൊരു സങ്കല്പമായിരുന്നു; ഒരിക്കലും യാഥാർത്ഥ്യമായിരുന്നില്ല.

കൊളോണിയൽ ഭരണമാണ് ഇന്നു കാണുന്ന രീതിയിലുള്ള ഭൂമിശാസ്ത്രപരമായ അതിർത്തികളോടെ ഏകഭരണ സംവിധാനമുള്ള ഇന്ത്യയെ നിർണ്ണയിച്ചത്. ആധുനികങ്ങളായ ഭരണസംവിധാനങ്ങൾ ഈ ഏകീകരണത്തെ സഹായിച്ചു. ഈ പ്രദേശങ്ങളെ ആകെ ബന്ധിപ്പിക്കാവുന്ന രീതിയിലുള്ള റെയിൽവേയുടെ ആവിർഭാവം, പോസ്റ്റൽ സംവിധാനം എന്നിവ ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ടതുണ്ട്. ഇന്ത്യക്കാരെ നന്നാക്കാനായിരുന്നില്ല, അടിമരാജ്യത്തെ വിഭവചൂഷണത്തെ കൂടുതൽ ഫലപ്രദമാക്കാനായിരുന്നു വിദേശികൾ ഈ സൗകര്യങ്ങൾ ഏർപ്പെടുത്തിയതെങ്കിലും ആത്യന്തികമായി അത് ഇന്ത്യക്കാർക്ക് പ്രയോജനം ചെയ്തു. എന്നു മാത്രമല്ല, ഇന്ത്യയെ ബൗദ്ധികമായി കീഴടക്കാൻ കൊളോണിയൽഭരണം ഏർപ്പെടുത്തിയ ഇംഗ്ലീഷ് വിദ്യാഭ്യാസം പോലും അന്തിമവിശകലനത്തിൽ വൈദേശികഭരണത്തിനന്ത്യം കുറിച്ച സ്വാതന്ത്ര്യബോധത്തെ രൂപപ്പെടുത്താനാണ് സഹായിച്ചത്. ആധുനികരീതിയിലുള്ള ദേശീയത ഇന്ത്യയിൽ രൂപപ്പെട്ടത് വിദേശികൾക്കെതിരായി പൊരുതുന്നതിനുള്ള ശക്തി സംഭരിക്കാനാണ്. തികച്ചും നാഷനൽ എന്ന നിലയിൽ ഇന്ത്യയിൽ ആദ്യം രൂപപ്പെട്ട പ്രസ്ഥാനം ബ്രിട്ടീഷുകാരൻ സ്ഥാപിച്ച ഇന്ത്യൻനാഷനൽ കോൺഗ്രസ്സാണ്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലും ശക്തിപ്രാപിച്ച സ്വാതന്ത്ര്യബോധവും വിദേശിവിരുദ്ധപ്രസ്ഥാനങ്ങളുമാണ് ഇന്ത്യയെ ഇന്ത്യക്കാരിൽ ഒരു വികാരമാക്കി മാറ്റിയത്. ഭാരതമെന്ന പേർ കേട്ടാൽ അഭിമാനപൂരിതരാകാൻ മാത്രമുള്ള ദേശീയബോധം നമ്മിലുണർത്തിയത് സ്വാതന്ത്ര്യസമരമാണ്. ഇതിന്റെ വിജയകരമായ പരിസമാപ്തി ആണ് ആഗസ്റ്റ് 15-ലെ സ്വാതന്ത്ര്യലബ്ധി.

വിദേശികൾ വിട്ടുപോയതുകൊണ്ട് ഇന്ത്യയുടെ പ്രശ്നങ്ങൾ അവസാനിച്ചില്ല. അറുനൂറിലധികം നാടുവാഴികൾ അധികാരത്തിലേറാൻ അവസരം പാർത്തു കഴിയുകയായിരുന്നു. വളരെ സമർത്ഥമായും തന്ത്രപരമായും അവരെ ഒക്കെ ഒറ്റയൂണിയനിൽ ലയിപ്പിച്ചാണ് ഇന്ത്യ എന്നൊരു രാഷ്ട്രം (nation - state) ഉടലെടുത്തത്. പ്രാദേശിക സ്വത്വങ്ങളെ ദേശീയസ്വത്വത്തിൽ ലയിപ്പിക്കുന്ന ശ്രമകരമായ പ്രവർത്തനമായിരുന്നു അത്. വളരെ ക്ലേശകരമായ ആ ദൗത്യം വിജയകരമായി പൂർത്തിയാക്കി ഈ പുതിയ രാഷ്ട്രത്തിന് രൂപം നൽകിയവരുടെ ദീർഘവീക്ഷണവും ദാർശനികമായ ദൃഢതയുമാണ്

കോൺസ്റ്റിട്ട്യുവന്റ് അസംബ്ലിയിലെ നീണ്ടുനിന്ന ചർച്ചകളിൽ വ്യക്തമാകുന്നത്. 1950 ജനുവരി 26-ൽ സ്വതന്ത്രപരമാധികാര റിപ്പബ്ളിക്കായി പുതിയൊരു രാഷ്ട്രം പിറവി യെടുത്തു. സ്വാതന്ത്ര്യത്തിലേയ്ക്ക് ഈ രാഷ്ട്രത്തെ നയിക്കുന്നതിന് നേതൃത്വം നൽകിയ മഹാത്മാഗാന്ധിയെ രാഷ്ട്രപിതാവായി പ്രഖ്യാപിച്ചു. ജനാധിപത്യം, സ്വാതന്ത്ര്യം, സമ ത്വം, മതനിരപേക്ഷത എന്നിവ ഈ പുതിയ രാഷ്ട്രത്തിന്റെ മുഖമുദ്രയായി പ്രഖ്യാപി ക്കുന്ന ഭരണഘടന നിലവിൽ വന്നു. ഈ ബഹുസ്വരതയാണ് ഇന്ത്യൻ ദേശീയത യുടെ സംസ്കാരം. ഇന്ത്യയെ പകുത്ത് രൂപംകൊണ്ട പാകിസ്ഥാനോ പിന്നീട് പിരി ഞ്ഞുപോയ ബംഗ്ലാദേശിനോ ഈ മതാതീതസ്വഭാവം നിലനിർത്താൻ കഴിഞ്ഞില്ല എന്നോർക്കുമ്പോഴാണ് ഇന്ത്യൻ മാതൃകയുടെ മഹനീയത നമുക്ക് ബോദ്ധ്യമാവുന്നത്.

**മിൽ-മെക്കാളേ-മുള്ളർ**

ഇന്ത്യപോലുള്ള 'അപരിഷ്കൃത' രാജ്യങ്ങളെ ആധുനികവൽക്കരിക്കുന്നതിന് നിയതി തങ്ങളിലേല്പിച്ച ഭാരമാണ് (white man's burden) കോളോണിയൽ ഭരണം എന്നാണ് വെള്ളകാരൻ വിശ്വസിച്ചതും മറ്റുള്ളവരെ വിശ്വസിപ്പിക്കാൻ ശ്രമിച്ചതും. തങ്ങളുടെ ഭരണം തുടരുന്നതിന് ലോകത്തിനുമുൻപിലുള്ള ന്യായീകരണവും സ്വയം കുറ്റബോ ധത്തിൽ നിന്ന് വിമുക്തമാക്കുന്നതിനുള്ള ആയുധവുമായിരുന്നു വെള്ളക്കാരന്റെ ഭാര സിദ്ധാന്തം. ഇത് പ്രചരിപ്പിക്കുന്നതിന് പുതിയ ആശയങ്ങൾ അവർ പ്രചരിപ്പിച്ചു. സാമ്രാ ജ്യത്വത്തിന്റെ ഉപകരണങ്ങൾ (the necessary furniture of empire) ആയിരുന്നു അവർ രൂപപ്പെടുത്തിയ ആശയസംഹിത. ആദ്യത്തേത്, ഇന്ത്യയ്ക്ക് പുതിയൊരു ചരിത്രം 'നിർമ്മിക്കുക' യായിരുന്നു. 'The History of British India' (1817 - 1826) എന്ന ഗ്രന്ഥ ത്തിലൂടെ ഇരുന്നൂറ് വർഷം മുൻപ് ജെയിംസ് മിൽ ഇന്ത്യാചരിത്രത്തെ ആദ്യമായി മൂന്ന് ഘട്ടങ്ങളായി വിഭജിച്ചു - ഹിന്ദുകാലഘട്ടം, മുസ്ലിം കാലഘട്ടം, ബ്രിട്ടീഷ് കാല ഘട്ടം. ആദ്യത്തേത് സുവർണ്ണകാലം, രണ്ടാമത്തേത് ആക്രമണകാരികളുടെ ഇരുണ്ട യുഗം, മൂന്നാമത്തേത് പരിഷ്കൃതമായ ആധുനികയുഗം. ആയിരക്കണക്കിന് കൊച്ചു കൊച്ചു നാടുവാഴികൾ വെട്ടിപ്പിടിച്ചും കൊന്നും കൊടുത്തും കഴിഞ്ഞിരുന്ന ഇന്ത്യ യുടെ പൂർവ്വകാലത്തെ ഏകശിലാഖണ്ഡംപോലെ മതാത്മകമാക്കുകയും ഹിന്ദു-മുസ്ലീം സംഘർഷത്തിന്റെ കാലമായി ഇന്ത്യയുടെ ചരിത്രത്തെ മാറ്റുകയും ചെയ്തതിന് പിന്നിൽ വ്യക്തമായ രാഷ്ട്രീയലക്ഷ്യമുണ്ടായിരുന്നു. ഇന്ത്യയിലെ വിഭിന്നമതങ്ങളെ തമ്മിലടി പ്പിക്കുകയും ഒരിക്കലും ഭരണത്തിനെതിരായി സംഘടിക്കാതിരിക്കാൻ അവർക്ക് മുന്ന റിയിപ്പ് നൽകുകയും ചെയ്യുന്ന വെടിമരുന്നായിരുന്നു വിചിത്രമായ ഈ ചരിത്രസൃഷ്ടി. ഇന്ത്യൻ ദേശീയതയെ അപഹസിക്കുകയും സംസ്കാരത്തെ മതാത്മകമാക്കുകയുമാ യിരുന്നു വെള്ളക്കാരന്റെ ലക്ഷ്യം. ഇതിനനുസൃതമായ വിദ്യാഭ്യാസരീതിക്ക് രൂപം നൽകു കയായിരുന്നു മെക്കാളെയെ ഏല്പിച്ച ദൗത്യം. 1835ലെ കുപ്രസിദ്ധമായ തന്റെ മിനി ട്സിലൂടെ വിദ്യാഭ്യാസമേഖലയിലെ ഇന്ത്യയുടെ നേട്ടങ്ങളെ അദ്ദേഹം പുച്ഛിക്കുകയും

അവ പാടെ നിരാകരിച്ച് ഇന്ത്യക്കാരെ 'രൂപത്തിൽ കറുത്തവരും ഭാവത്തിൽ വെളുത്ത വരു'മായി മാറ്റുന്നതിനുള്ള വിദ്യാഭ്യാസപദ്ധതി നടപ്പാക്കുകയും ചെയ്തു. ഇന്ത്യയെ ഏറെ സ്നേഹിച്ച പ്രശസ്തനായ ജർമ്മൻ പണ്ഡിതനായിരുന്നു മാക്സ് മുള്ളർ. കൊളോ ണിയൽ ഭരണകൂടത്തിന്റെ താത്പര്യങ്ങൾ അദ്ദേഹത്തിനുണ്ടായിരുന്നില്ല. എങ്കിലും അദ്ദേഹം ആവിഷ്കരിച്ച ആര്യൻസിദ്ധാന്തം മില്ലറുടെ സുവർണ്ണയുഗവാദത്തിന് പിൻബ ലമേകി. തങ്ങൾ ആര്യരെന്ന നിലയിൽ ശ്രേഷ്ഠരും മറ്റുള്ളവർ മ്ലേച്ഛരും എന്ന അകലം സൃഷ്ടിക്കുകയായിരുന്നല്ലോ മില്ലർ നിർമ്മിച്ച ചരിത്രത്തിന്റെ ലക്ഷ്യം. അതുസാധിച്ചെ ടുക്കുന്നതിന്, അറിയാതെയാണെങ്കിലും, മുള്ളറുടെ സിദ്ധാന്തവും ഉപകരണമായി. വെള്ളക്കാരൻ വിചാരിച്ചതുപോലെതന്നെ കാര്യങ്ങൾ നടന്നു. മതാത്മകമായിരുന്നു ഭാരതത്തിന്റെ സംസ്കാരമെന്ന് സ്ഥാപിച്ചതോടെ പ്രബല മതവിഭാഗങ്ങൾ തമ്മിലടി ക്കുന്നതിൽ തങ്ങളുടെ ശ്രദ്ധ കേന്ദ്രീകരിച്ചു. സ്വാതന്ത്ര്യസമരങ്ങളിലോ സാമ്രാജ്യത്വ വിരുദ്ധ പ്രവർത്തനങ്ങളിലോ ഏർപ്പെടാതെ തന്ത്രപൂർവ്വം അവർ ഒഴിഞ്ഞുനിന്നു. ഇന്ത്യയെ വെട്ടിമുറിക്കുന്നതിലാണ് അതവസാനിച്ചതെന്നത് വെള്ളക്കാരന്റെ ബുദ്ധി ശക്തിയുടേയും ദീർഘദർശനത്തിന്റേയും സാക്ഷ്യമായി നിലനിൽക്കുന്നു.

**രാജ്യദ്രോഹികൾ!**

ഇന്ത്യൻ റിപ്പബ്ളിക്കിന്റെ മതേതര ജനാധിപത്യസംസ്കാരം അഭംഗുരം നിലനിർത്താൻ സ്വാതന്ത്ര്യാനന്തരകാലത്ത് നമുക്ക് കഴിഞ്ഞിട്ടുണ്ട്. ദ്രാവിഡസ്ഥാൻ, ഖാലിസ്ഥാൻ എന്നി ങ്ങനെ അനേകം വിഘടനവാദങ്ങൾ ഉയർന്നെങ്കിലും അവയെയൊക്കെ അതിജീവിച്ച് രാഷ്ട്രത്തിന്റെ അഖണ്ഡത കാത്തുസൂക്ഷിക്കാൻ ഭാരതത്തിന് കഴിഞ്ഞു. ഭരണഘടനാ ശില്പിയായ ഭീമറാവു അംബേദ്കർ വിഭാവനം ചെയ്തപോലെ കാര്യങ്ങൾ നടക്കാത്ത രണ്ടു മേഖലകളുണ്ട് - ഒന്ന്, സ്ത്രീസ്വാതന്ത്ര്യം; രണ്ട്, ദളിതരുടെ വിമോചനം. പലഭാ ഗങ്ങളിൽ നിന്ന് കേൾക്കുന്ന നിർഭയമാരുടെ ദയനീയകഥകൾ ആദ്യത്തേതിന്റെ സാക്ഷ്യ ങ്ങളാണ്. അതുപോലെ പ്രധാനമാണ് രണ്ടാമത്തേതും. ഇന്ന്, നമ്മുടെ കാമ്പസുക ളിലെ പ്രധാന പ്രശ്നം ദളിതരുടെ വിമോചന പ്രവർത്തനങ്ങളാണ്. കേരളത്തിൽ വിദ്യാ ഭ്യാസ സ്ഥാപനങ്ങളിൽ നേരത്തെ തന്നെ പിന്നോക്കവിഭാഗങ്ങളിൽപെട്ടവർക്ക് പ്രവേ ശനമുണ്ട്. ഇതരസംസ്ഥാനങ്ങളിൽ വിവേചനം നിലനിൽക്കുന്നു. മണ്ഡൽകാലത്തിന് ശേഷം ഉന്നതവിദ്യാഭ്യാസമേഖലയിൽ ദളിതവിഭാഗത്തിന്റെ സാന്നിദ്ധ്യം വർദ്ധിച്ചിട്ടുണ്ട്. തങ്ങൾക്കുനേരെയുള്ള വിവേചനങ്ങൾക്കെതിരെ അവർ ശബ്ദമുയർത്താൻ തുടങ്ങിയി രിക്കുന്നു. മദ്രാസ് ഐ.ഐ.ടിയിലാണ് ഇതാരംഭിച്ചത്, തുടർന്നു ഹൈദ്രാബാദ് സർവ്വ കലാശാലയിലേയ്ക്ക് വ്യാപിച്ചു; അവിടെ നിന്ന് ജവഹർലാൽ നെഹ്റു യൂണിവേഴ്സി റ്റിയിലേയ്ക്കും മറ്റനേകം ഉന്നതപഠനകേന്ദ്രങ്ങളിലേയ്ക്കും. താൻ താലോലിച്ച സ്വപ്ന ങ്ങൾ തന്റെ സർവ്വകലാശാലയിൽ സാക്ഷാത്കരിക്കാൻ രോഹിതിന് കഴിഞ്ഞില്ല. സ്വപ്ന ങ്ങളുടെ ശവപ്പറമ്പായി ആ വിദ്യാർത്ഥിക്ക് തന്റെ സർവ്വകലാശാല! ഈ കാലഘട്ട ത്തിലെ ചോദ്യചിഹ്നമാണ് എരിഞ്ഞടങ്ങിയ ആ അഗ്നിനാളം.

കനയ്യകുമാറും മറ്റനേകം വിദ്യാർത്ഥികളും തുറുങ്കിൽ കഴിയേണ്ടിവന്നു. രാജ്യദ്രോഹമാണ് അവരുടെ പേരിൽ ചാർത്തപ്പെടുന്ന കുറ്റം. മഹാത്മഗാന്ധിയെയും മൗലാനാ അബ്ദുൾകലാം ആസാദിനെയും ജയിലിലടയ്ക്കാൻ വെള്ളക്കാരൻ ഉണ്ടാക്കിയ വകുപ്പ് വെച്ചാണ് അവരെ ജയിലിലടച്ചത്. നമ്മുടെ ദളിത വിദ്യാർത്ഥികൾ രാജ്യദ്രോഹികളാണെങ്കിൽ, രാജ്യസ്നേഹികളാര് എന്ന ചോദ്യമുയരുന്നു; രാജ്യം ആരുടേതെന്നും. ഈ പശ്ചാത്തലത്തിലാണ് ദേശീയതയുടെ സംസ്കാരം ഗൗരവമായ ചർച്ചയ്ക്ക് വിഷയമാകുന്നത്.

ഭരണഘടന വിഭാവനം ചെയ്യുന്ന ബഹുസ്വരതയുടെ മൂല്യങ്ങളാണ് ദേശീയതയുടെ സംസ്കാരം. ബഹുസ്വരതയാണ് അതിന്റെ കാതൽ. ഏകശിലാബദ്ധമോ മതാത്മകമോ അല്ല ഇന്ത്യയുടെ സംസ്കാരം. വിദേശികൾ ഇന്ത്യയെ തിരിച്ചറിയാൻ വിളിച്ച പേരാണ് ഹിന്ദു എന്നത്. സിന്ധുവിന്റെ നാട് എന്നേ അതിനർത്ഥമുള്ളൂ. മതത്തോട് ബന്ധപ്പെടുത്തി ഹിന്ദു എന്ന പേര് ആദ്യമുപയോഗിച്ചത് സ്വാമി വിവേകാനന്ദനാണ്. വൈദികമതത്തെയാണ് സ്വാമിജി ഉദ്ദേശിച്ചത്. Hinduism എന്നാണ് അദ്ദേഹം ഉപയോഗിക്കുന്ന വാക്ക്. ഹിന്ദു എന്ന ഇംഗ്ലീഷ് പദത്തോട് 'ത്വം' എന്ന സംസ്കൃതപ്രത്യയം ചേർത്ത ഹിന്ദുത്വം എന്ന പദമുണ്ടായിട്ട് നൂറുവർഷം പോലുമായിട്ടില്ല. ഇന്ത്യയുടെ ദേശീയതയെ മതാത്മകമാക്കാൻ ശ്രമം തുടങ്ങിയിട്ടും അത്രയും കാലമേ ആയിട്ടുള്ളൂ.

---

ഡോ. കെ.ജി. പൗലോസ്, മനുസ്മൃതി, താമരക്കുളങ്ങര, തൃപ്പൂണിത്തുറ – 682 301, ഫോൺ: 9846041205, E-mail: kgpaulose@gmail.com, www.kgpaulose@info.com.